# ഒരു കൈ സഹായം കൂടി പ്രതീക്ഷിച്ച് വഴിക്കണ്ണുമായി അൽഫോൻസ

പാലക്കാട് ● ഒരു 'കൈ' സഹായിച്ചാൽ അൽഫോൻസയുടെ ഇടതുകയ്യിലെ വൈകല്യം മാറ്റി ചലനശേഷി പൂർണമായും വീണ്ടെടുക്കാം. ഒപ്പം ഇടതുകാലിലെയും ചെവിയിലെയും മുഖത്തെയും വൈകല്യങ്ങളും മാറ്റിയെടുക്കാം. പക്ഷേ ഇതിന് സുമനസ്സുകൾ ഒന്നുകൂടി കനിയണം.

ഓർക്കുന്നോ? അൽഫോൻസയെന്ന ഏഴാം ക്ലാസുകാരിയെ... ഒന്നരവയസ്സുവരെ അൽഫോൻസയുടെ കണ്ണുകൾക്ക് നല്ല ഭംഗിയായിരുന്നു. ഉരുണ്ടുവിടർന്ന കണ്ണുകൾ. പക്ഷേ വിധി ആസിഡിന്റെ രൂപത്തിൽ ഇടതു കണ്ണും ശരീരത്തിന്റെ ഇടതുഭാഗവും കവർന്നെടുത്തു. വീട്ടിലേക്കുള്ള വഴിയരികിൽ അശ്രദ്ധയോടെ വച്ചിരുന്ന ആസിഡ് കന്നാസ് ശരീരത്തിലേക്കു മറിഞ്ഞുവീണതോടെ അൽഫോൻസയുടെ പാതി കാഴ്ചയും നഷ്ടപ്പെട്ടു.

2003 ജൂൺ 29 നായിരുന്നു ദുരന്തം. സഹോദരൻ അഞ്ചുവയസ്സുകാരൻ ആരോഗ്യസ്വാമിയുടെ കൈപിടിച്ച് വീട്ടിലേക്കു നടന്നുവരികയായിരുന്നു ഒന്നരവയസ്സുകാരിയായ അൽഫോൻസ. ഇടയ്ക്കു മഴ ചാറിയപ്പോൾ റോഡരികിലെ മൺതിട്ടയുടെ സമീപത്തേക്കു മാറി നിന്നു. ഇതിനു മുകളിൽ ആസിഡ് കന്നാസ് നിറച്ചുവച്ചിരുന്നതു കുട്ടികൾ അറിഞ്ഞില്ല. മഴയത്ത് മൺതിട്ട ഇടിഞ്ഞതോടെ ആസിഡ് കന്നാസ് ഇരുവരുടെയും ശരീരത്തിലേക്കു മറിഞ്ഞുവീണു. ആരോഗ്യസ്വാമി ചെറിയ പരുക്കുകളോടെ രക്ഷപ്പെട്ടെങ്കിലും ശരിക്കു നടക്കാൻപോലും ആകാതിരുന്ന ഒന്നരവയസ്സുകാരി അൽഫോൻസ ആസിഡിൽ കുളിച്ചു. മുഖത്തിന്റെ ഇടതുവശവും ശരീരത്തിന്റെ ഇടതുഭാഗവും പൊള്ളി.

പുതുശ്ശേരി ചുള്ളിമട കടുകംപള്ളം കണ്ണുകുടിയാർ വീട്ടിൽ ദൊരൈസ്വാമിയും ഭാര്യ സീലിയും മകളുടെ ചികിത്സക്കായി ഉള്ളതെല്ലാം വിറ്റുപെറുക്കി. ഇനി ബാക്കിയുള്ളത് ആകെയുള്ള ഓലപ്പുര മാത്രം. ഇതിനിടെ സുമനസ്സുകൾ കനിഞ്ഞു നൽകിയ ഒരു ലക്ഷത്തോളം രൂപ കൊണ്ട് കരിഞ്ഞുപോയ ഇടതുകണ്ണിന്റെ സ്ഥാനത്ത് കാഴ്ചയില്ലെങ്കിലും പുതിയ കണ്ണ് പിടിപ്പിച്ചു. ഇതോടൊപ്പം മുഖത്തിന്റെ വൈകല്യം പരിഹരിക്കാനും ഇടതുകയ്യിന്റെ ചലനം പൂർണമായി തിരിച്ചെടുക്കാനും ഒരു ശസ്ത്രക്രിയ കൂടി വേണം. ഇതിന് അര ലക്ഷത്തിലധികം രൂപ ചെലവാകും.

മരം വെട്ടി കുടുംബത്തെ പോറ്റുന്ന ദൊരൈസ്വാമി മകളുടെ ചികിത്സക്കുള്ള തുക കണ്ടെത്താനുള്ള നെട്ടോട്ടത്തിലാണ്. ഈ മാസം 14ന് തൃശൂരിലെ സ്വകാര്യ ആശുപത്രിയിലാണു ശസ്ത്രക്രിയ നിശ്ചയിച്ചിരിക്കുന്നത്.


അൽഫോൺസ

ഓണാവധിയിൽ ശസ്ത്രക്രിയ കഴിഞ്ഞ് പുതിയ മുഖത്തോടെ തിരിച്ചെത്താനുള്ള പ്രാർഥനയിലാണു മലമ്പുഴ വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിലെ ഈ ഏഴാം ക്ലാസ് വിദ്യാർഥിനി.

മലമ്പുഴ ആനന്ദഭവനിൽ സിസ്റ്റർമാരുടെ പരിചരണയിലാണു അൽഫോൻസയും സഹോദരങ്ങളും. അൽഫോൻസയുടെ തുടർചികിത്സക്കുള്ള തുക കണ്ടെത്താനായി എസ്ബിടി വാളയാർ ബ്രാഞ്ചിൽ 67085590402 നമ്പറിൽ അക്കൗണ്ട് ഉണ്ട്. ഐഎഫ്എസ്സി കോഡ്: എസ്ബിടി ആർ 0000418.



അൽഫോൻസയുടെ ചികിത്സാച്ചെലവുകൾ മലബാർ സിമൻറ്സ് ഏറ്റെടുക്കുന്നതിൻെറ ഭാഗമായി കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ ആദ്യഗഡുവായ ഒരുലക്ഷംരൂപയുടെ ചെക്ക് എം.സി.എൽ. മാനേജിങ് ഡയറക്ടർ കെ. പത്മകുമാർ അൽഫോൻസയ്ക്ക് കൈമാറുന്നു

# അൽഫോൻസയുടെ ചികിത്സാച്ചെലവുകൾ മലബാർ സിമൻറ്സ് ഏറ്റെടുക്കുന്നു

**പാലക്കാട്:** അനധികൃതമായി വഴിയരികിൽ സൂക്ഷിച്ച കന്നാസിൽനിന്ന് ആസിഡ് വീണ് പൊള്ളലേറ്റ അൽഫോൻസയുടെ ചികിത്സാച്ചെലവുകൾ പൂർണമായും മലബാർ സിമൻറ്സ് ലിമിറ്റഡ് ഏറ്റെടുക്കും. കമ്പനിയുടെ കോർപറേറ്റ് സാമൂഹിക പ്രതിബദ്ധതാ പരിപാടിയുടെ ഭാഗമായാണ് ചികിത്സാച്ചെലവുകൾ നടത്തുന്നത്. 2003 ജൂൺ 29നാണ് സഹോദരനോടൊപ്പം നടന്നുപോവുകയായിരുന്ന അൽഫോൻസയ്ക്ക് ആസിഡ് വീണ് പരിക്കേറ്റത്.

ആസിഡ് സൂക്ഷിച്ചതിന് ഉടമകളെ കോടതി ശിക്ഷിച്ചിരുന്നു. ചികിത്സാച്ചെലവുകൾ കുടുംബത്തിന് താങ്ങാനാവുന്നതായിരുന്നില്ല. കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ സഹായിക്കാനുള്ള സംഘടനയായ വിശ്വാസ് ചികിത്സാച്ചെലവുകൾ സ്വരൂപിക്കാൻ മുന്നോട്ടുവന്നിരുന്നു. മലബാർ സിമൻറ്സിലേക്ക് വിശ്വാസ് പ്രസിഡൻറുകൂടിയായ കളക്ടർമുഖേന നൽകിയ അപേക്ഷയെത്തുടർന്നാണ് ധനസഹായം ലഭ്യമാക്കുന്നത്.

മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയിലൂടെ ഒരു ലക്ഷംരൂപ അൽഫോൻസയ്ക്ക് ചികിത്സാച്ചെലവിനായി നൽകിയിട്ടുണ്ട്. കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ആദ്യഗഡുവായ ഒരുലക്ഷംരൂപയുടെ ചെക്ക് മലബാർ സിമൻറ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ പത്മകുമാർ അൽഫോൻസയ്ക്ക് കൈമാറി. കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷതവഹിച്ചു. വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, അഡ്വ. എസ്. ശാന്താദേവി, അഡ്വ. ടി. റീന, ജോയൻറ് സെക്രട്ടറി പ്രഫുല്ലദാസ്, വൈസ്പ്രസിഡൻറ് വി.പി. കുര്യാക്കോസ്, മലബാർ സിമൻറ്സ് ഡെപ്യൂട്ടി ചീഫ് എൻജിനിയർ അബ്ദുസ്സമദ് എന്നിവർ സംസാരിച്ചു.



അൽഫോൺസയുടെ ചികിൽസാ ധനസഹായമായ ഒരു ലക്ഷം രൂപയുടെ ചെക്ക് മലബാർ സിമന്റ്സ് എംഡി പത്മകുമാർ അൽഫോൺസയ്ക്ക് കൈമാറുന്നു. ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ സമീപം.

# അൽഫോൺസയുടെ തുടർ ചികിൽസാ ചെലവുകൾ മലബാർ സിമന്റ്സ് നൽകും

പാലക്കാട് ● തുടർ ചികിൽസയ്ക്കുള്ള സഹായം തേടി വഴിക്കണ്ണുമായി കാത്തിരുന്ന അൽഫോൺസയ്ക്കു മലബാർ സിമന്റ്സിന്റെ സഹായഹസ്തം. ഇവരുടെ ചികിൽസാ ചെലവുകൾ പൂർണമായും കമ്പനി വഹിക്കും. ഓർക്കുന്നില്ലേ; അൽഫോൺസയെന്ന ഏഴാം ക്ലാസുകാരിയെ. ഒന്നര വയസുവരെ അൽഫോൺസയുടെ കണ്ണുകൾക്കു നല്ല ഭംഗിയായിരുന്നു. ഉരുണ്ടുവിടർന്ന കണ്ണുകൾ. പക്ഷേ വഴിയരികിൽ അശ്രദ്ധമായി സൂക്ഷിച്ച ആസിഡ് കന്നാസ് അൽഫോൺസയുടെ ശരീരത്തിലേക്കു മറിഞ്ഞുവീണതോടെ ഇടതുവശം പൊള്ളിയെന്നു മാത്രമല്ല പകുതി കാഴ്ചയും നഷ്ടമായി. സഹോദരൻ ആരോഗ്യസ്വാമിയോടൊപ്പം വീട്ടിലേക്കു നടന്നുവരുന്നതിനിടെ 2003 ജൂൺ 29 നായിരുന്നു ദുരന്തം. ഇടയ്ക്കു പെയ്ത മഴയിൽ റോഡരികിൽ മൺതിട്ടയുടെ താഴെ നിലയുറപ്പിച്ചപ്പോൾ മണ്ണിടിഞ്ഞു മുകളിൽ സൂക്ഷിച്ചിരുന്ന ആസിഡ് കന്നാസ് താഴേക്കു പതിക്കുകയായിരുന്നു.

അൽഫോൺസയുടെ മുഖത്തിന്റെ ഇടതുവശവും ശരീരത്തിന്റെ ഇടതുഭാഗവും പൊള്ളി. പുതുശ്ശേരി ചുള്ളിമട കടുകംപള്ളം കണ്ണുകുടിയാർ വീട്ടിൽ ദൊരൈ സ്വാമിയും ഭാര്യ സീലിയും അന്നു തൊട്ടു മകളുടെ ചികിൽസക്കായി ആശുപത്രികൾ കയറിയിറങ്ങുകയാണ്. ഉള്ളതെല്ലാം വിറ്റുപെറുക്കി. ബാക്കിയുള്ളത് ഒരു ഓലപ്പുരമാത്രം. ഇതിനിടെ സുമനസുകൾ കനിഞ്ഞുനൽകിയ തുക കൊണ്ട് ഇടതുകണ്ണിന്റെ സ്ഥാനത്തു കാഴ്ചയില്ലെങ്കിലും പുതിയ കണ്ണ് പിടിപ്പിച്ചു. മുഖത്തിന്റെ വൈകല്യം പരിഹരിക്കാനും ഇടതുകയ്യിന്റെ ചലനം തിരിച്ചെടുക്കാനും ശസ്ത്രക്രിയ ഉൾപ്പെടെ തുടർ ചികിൽസ അനിവാര്യമാണ്. ഇതേ തുടർന്നു കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരെ സഹായിക്കുന്ന വിശ്വാസ് സംഘടന ചികിൽസാ ചെലവുകൾ സ്വരൂപിക്കാൻ മുന്നോട്ടുവന്നു.

വിശ്വാസ് പ്രസിഡന്റുകൂടിയായ ജില്ലാ കലക്ടർ മലബാർ സിമന്റ്സിലേക്കു നൽകിയ അപേക്ഷയെ തുടർന്നാണു കമ്പനി ചികിൽസാ ചെലവുകൾ ഏറ്റെടുത്തത്. മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പദ്ധതിയിലൂടെ ഒരു ലക്ഷം രൂപ ചികിൽസാ സഹായമായി ലഭിച്ചിരുന്നു.

ആദ്യ ഗഡുവായ ഒരു ലക്ഷം രൂപയുടെ ചെക്ക് മലബാർ സിമന്റ്സ് മാനേജിങ് ഡയറക്ടർ കെ.പത്മകുമാർ അൽഫോൺസയ്ക്കു കൈമാറി. ജില്ലാ കലക്ടർ കെ.രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ്, അഡ്വ.എസ്.ശാന്താദേവി, അഡ്വ.ടി.റീന, ജോയിന്റ് സെക്രട്ടറി പ്രഫുല്ലദാസ്, വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ്, മലബാർ സിമന്റ്സ് ഡപ്യൂട്ടി ചീഫ് എൻജിനീയർ അബ്ദുൽ സമദ് എന്നിവർ പ്രസംഗിച്ചു.

# അൽഫോൻസയ്ക്ക് സഹായം എത്തുന്നു

പാലക്കാട് ● ഒന്നും അറിയാത്ത പ്രായത്തിൽ ആസിഡ് ദുരന്തം പൊള്ളിച്ച വേദനയിൽ നിന്നു ജീവിതത്തിലേക്കു തിരിച്ചുനടക്കുന്ന അൽഫോൻസയ്ക്കു സുമനസ്സുകളുടെ ഒരു കൈ സഹായം. തുടർശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്കുള്ള വഴിയിൽ പ്രതീക്ഷയോടെ കാത്തുനിൽക്കുന്ന മലമ്പുഴ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥിനി അൽഫോൻസയ്ക്ക് എംഎ ബ്ലൈ ഫൗണ്ടേഷനാണു സഹായ ഹസ്തം നീട്ടിയത്.

സംഘടനയുടെ ധനസഹായമായി 25,000 രൂപ ഫൗണ്ടേഷൻ അസോഷ്യേറ്റ് ഡയറക്ടർ അജിത് സുദേവൻ,എക്സിക്യൂട്ടീവ് ഡയറക്ടർ നിഖിൽ കൊടിയത്തൂർ എന്നിവർ മലമ്പുഴ ആനന്ദഭവനിലെത്തി അൽഫോൻസയ്ക്ക് കൈമാറി. സിസ്റ്റർ റോസിലിനും സന്നിഹിതയായിരുന്നു. മറ്റു സംഘടനകളും അൽഫോൻസയെ സഹായിക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്.

കല്ലേക്കാട് ബാലമുരുകൻ ക്ഷേത്ര പരിപാലന സമിതിയിലെ രാജൻ സ്വാമി 5001 രൂപ അൽഫോൻസയ്ക്കു നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. ആസിഡ് പൊള്ളിച്ച മുഖത്തിന്റെ വൈകല്യവും ഇടതുകൈയുടെ പൂർണ ചലനശേഷിയും വീണ്ടെടുക്കാൻ 14 നാണു ശസ്ത്രക്രിയ നിശ്ചയിച്ചിരിക്കുന്നത്. തൃശൂരിലെ സ്വകാര്യ ആശുപത്രിയിലാണു ചികിത്സ.

# അൽഫോൺസയ്ക്ക് മൂന്നുലക്ഷം വേണം, ദുരിതം മാറ്റാൻ

**പാലക്കാട്:** വിധി പൊള്ളലേല്പിച്ച ജീവിതമാണ് അൽഫോൺസയുടേത്. ഒന്നരവയസ്സിൽ ഈ പെൺകുരുന്ന് പിച്ചവെച്ചത് ഒരു അപകടത്തിലേക്കാണ്. ആസിഡിന്റെ കന്നാസ് മറിഞ്ഞായിരുന്നു ശരീരം മുഴുവൻ പൊള്ളലേറ്റത്. അൽഫോൺസയുടെ ചേട്ടൻ ആരോഗ്യസ്വാമിക്കും പൊള്ളലേറ്റു.

ഇപ്പോൾ 12കാരിയാണ്. മുഖത്തും ശരീരത്തിലും ആസിഡ് ബാക്കിവെച്ച കരുവാളിപ്പും ദുരിതങ്ങളും ഇപ്പോഴുമുണ്ട്. മുഖവും കൈകാലുകളും രൂപം കെട്ടു. മുഖം പ്ലാസ്റ്റിക്സർജറി ചെയ്യാൻ മൂന്നുലക്ഷം രൂപവേണം. കഞ്ചിക്കോട് കടുകപള്ളം ദൊരൈസ്വാമിക്ക് മകളുടെ ശസ്ത്രക്രിയയ്ക്ക് ഇത്രയുംതുക മുടക്കാൻ ശേഷിയില്ല.

2003 ജൂൺ 29നാണ് സംഭവം. വീടിനടുത്തുള്ള നടവഴിയിലൂടെ പോവുമ്പോൾ വഴിയരികിൽ ആരോ അശ്രദ്ധമായി വെച്ച രണ്ട് ആസിഡ് കന്നാസുകൾ മറിയുകയായിരുന്നു. എട്ട് കുട്ടികൾക്ക് പൊള്ളലേറ്റെങ്കിലും ഗുരുതരമായത് അൽഫോൺസയുടെ പരിക്കാണ്. സംഭവത്തിൽ 50,000 രൂപ നഷ്ടപരിഹാരം നൽകാൻ കോടതി വിധി വന്നെങ്കിലും കേസ് മേൽക്കോടതിയിൽ അപ്പീൽപോയി.

നാലുവർഷംമുമ്പ് കേരളസർക്കാർ ചികിത്സയ്ക്കായി 10,000രൂപ കൊടുത്തതൊഴിച്ചാൽ വേറെ സർക്കാർസഹായമൊന്നും ലഭിച്ചിട്ടില്ല. കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ സഹായിക്കുന്ന 'വിശ്വാസ്' സംഘടന രണ്ടുമാസംമുമ്പ് അൽഫോൺസയ്ക്ക് ചികിത്സാസഹായമായി 20,000 രൂപ കൊടുത്തിരുന്നു. പാലക്കാട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിൽ ആറാംക്ലാസ്വിദ്യാർഥിനിയാണ് അൽഫോൺസ. ഹോസ്റ്റലിൽ നിന്നാണ് പഠനം. അൽഫോൺസയുടെ അച്ഛൻ ഇതിനോടകം രണ്ടുലക്ഷംരൂപ ചികിത്സയ്ക്കായി ചെലവാക്കിക്കഴിഞ്ഞു. എസ്.ബി.ടി. വാളയാർ ബ്രാഞ്ചിൽ 67085590402 എന്ന നമ്പറിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഐ.എഫ്.എസ്.സി.എസ്.ബി.ടി.ആർ.0000418.

ശരീരത്തിൽ ആസിഡ് വീണ് പൊള്ളലേറ്റ അൽഫോൺസ അഞ്ചാംവയസ്സിൽ